# കേരള വിദ്യാഭ്യാസ സമിതി

സംസ്ഥാന കമ്മിറ്റി

കെ.എസ്.ടി.എ സംസ്ഥാന കമ്മിറ്റി ഓഫീസ്, തൈക്കാട്, തിരുവനന്തപുരം-695 014

ഫോൺ:0471 2324997, 0471 2327630, ഫാക്സ്: 0471 2324997 E.mail: vidhyabhyasam@gmail.com

---

**വിദ്യാഭ്യാസ അവകാശ നിയമവും സുപ്രീം കോടതി വിധിന്യായങ്ങളും – കേരള വിദ്യാഭ്യാസ സമിതി സംസ്ഥാന കേന്ദ്ര സർക്കാരുകളുടെ അടിയന്തിര നടപടികൾ ആവശ്യപ്പെടുന്നു**

മെയ് 6–ാം തിയതി സുപ്രീം കോടതിയുടെ ഭരണഘടനാ ബഞ്ച് പുറപ്പെടുവിച്ച രണ്ടു വിധിന്യായങ്ങൾ വിദ്യാഭ്യാസ മേഖലയിൽ ദൂരവ്യാപകമായ പ്രത്യാഘാതങ്ങൾ സൃഷ്ടിക്കുന്നതാണ്. ഒരു വിധിന്യായം വിദ്യാഭ്യാസ അവകാശ നിയമത്തിൽ നിന്ന് ന്യൂനപക്ഷ വിദ്യാലയങ്ങളെ ഒഴിവാക്കിക്കൊണ്ടുള്ളതും മറ്റേ വിധിന്യായം മാതൃഭാഷ ബോധനമാധ്യമമാക്കുന്നതിനെ സംബന്ധിച്ചുമാണ്.

വിദ്യാഭ്യാസ അവകാശനിയമത്തിന്റെ പരിധിയിൽ ന്യൂനപക്ഷ വിദ്യാലയങ്ങൾ വരികയില്ലെന്ന വിധിന്യായം നിയമത്തെ ബലഹീനമാക്കുന്നു എന്നുമാത്രമല്ല അതിന്റെ ഉദ്ദേശ്യലക്ഷ്യങ്ങളെ പരാജയപ്പെടുത്തുകയും ചെയ്യുന്നു. കേരളത്തിലെ പ്രത്യേകസ്ഥിതി വിശേഷത്തിൽ ഈ വിധിന്യായം പ്രകടമായും ദോഷഫലങ്ങൾക്കു കാരണമാകും.

സാമ്പത്തികമായി പിന്നോക്കംനിൽക്കുന്ന വിഭാഗങ്ങളിൽ നിന്നുള്ള കുട്ടികൾക്ക് 25% സംവരണം നൽകണമെന്ന വ്യവസ്ഥ ന്യൂനപക്ഷവിദ്യാലയങ്ങൾക്ക് ബാധകമല്ലെന്ന വിധിന്യായം വിദ്യാഭ്യാസ അവകാശ നിയമത്തിന്റെ ഒരു പ്രധാന ലക്ഷ്യമായ സാമൂഹ്യനീതിയുടെ നിഷേധമാണ്.

വിദ്യാഭ്യാസ മേഖലയിൽ ന്യൂനപക്ഷങ്ങൾക്കുള്ള അവകാശം സംരക്ഷിക്കപ്പെടണം. കൂടാതെ അവകാശത്തിന്റെ പ്രയോജനം ന്യൂനപക്ഷ സമുദായത്തിലെ ബലഹീന വിഭാഗങ്ങൾക്ക് ലഭിക്കുമെന്ന് ഉറപ്പാക്കുകയും വേണം. അത്തരം ഒരു ഉറപ്പ് വിധിന്യായം നൽകുന്നില്ല. വിദ്യാഭ്യാസാവകാശനിയമത്തിന്റെ പരിധിയിൽ നിന്ന് ന്യൂനപക്ഷ വിദ്യാലയങ്ങളെ ഒഴിവാക്കുമ്പോൾ നീതി നിഷേധിക്കപ്പെടുന്നത് ന്യൂനപക്ഷസമുദായത്തിലെ പാവപ്പെട്ടകുട്ടികൾക്കാണ്.

1958 മുതൽ ന്യൂനപക്ഷ അവകാശങ്ങളെപറ്റിയും സുപ്രീംകോടതിയുടെ വിധിന്യായങ്ങളുണ്ട്. പക്ഷേ ഇവയൊന്നും ന്യൂനപക്ഷപദവിക്കുള്ള മാനദണ്ഡങ്ങളെന്താണെന്ന് വ്യക്തമാക്കിയിട്ടില്ല. 2002 ലെ ടി.എം.എ.പൈ വിധിന്യായത്തിൽ പരമോന്നത കോടതിതന്നെ ഈ പ്രശ്നം ഉന്നയിച്ചു. ഇന്നും നിയമശൂന്യവ്യവസ്ഥയെന്നു പറയാവുന്ന ഈ അവ്യക്തത നിലനിൽക്കുന്നു. ന്യൂനപക്ഷ പദവിക്കുള്ള മാനദണ്ഡങ്ങൾ എന്താണെന്ന് തീരുമാനിക്കാത്ത സുപ്രീംകോടതി ന്യൂനപക്ഷ വിദ്യാലയങ്ങൾ എന്ന് വിശേഷിപ്പിക്കുന്നത് ഏതു വിദ്യാലയങ്ങളെയാണ്?

ഒരു ന്യൂനപക്ഷ സമുദായത്തിലെ ഏതാനും വ്യക്തികൾ ചേർന്ന് ഒരു വിദ്യാലയമുണ്ടാക്കിയാൽ അതിന് ന്യൂനപക്ഷ പദവി ലഭിക്കുമോ? ഈ ചോദ്യം ഉന്നയിച്ചത് ടി.എം.എ.പൈ വിധിന്യായമാണ്. സാമൂഹ്യനീതി യോടുകൂടി പ്രവർത്തിക്കുന്ന ന്യൂനപക്ഷ

ഏജൻസികൾ ഉണ്ടെന്ന വസ്തുത അംഗീകരിക്കുന്നു. എന്നാൽ ന്യൂനപക്ഷ വിദ്യാലയങ്ങളെ വിദ്യാഭ്യാസ അവകാശ നിയമത്തിൽ നിന്ന് ഒഴിവാക്കുന്നത് വിദ്യാഭ്യാസരംഗത്തെ വാണിജ്യവൽക്കരണത്തിന് പ്രോത്സാഹനം നൽകുകയാണ്.

ബോധന മാധ്യമമായി മാതൃഭാഷ അടിച്ചേൽപ്പിക്കുന്നത് ഭരണഘടനാവിരുദ്ധമാണെന്ന് മറ്റൊരു വിധിന്യായം പ്രഖ്യാപിക്കുന്നു. മാതൃഭാഷ അടിച്ചേൽപ്പിക്കുന്നുവെന്ന പ്രയോഗം മാതൃഭാഷയെപറ്റിയുള്ള എല്ലാ സങ്കല്പങ്ങളെയും തകർക്കുന്നതാണെന്ന് പറയേണ്ടിയിരിക്കുന്നു.

വിദ്യാഭ്യാസത്തിന്റെ പ്രാഥമികഘട്ടത്തിൽ ഒന്നു മുതൽ നാലുവരെയുള്ള ക്ലാസുകളിൽ മാതൃഭാഷയിലൂടെയുള്ള ബോധനമാണ് കൂടുതൽ മെച്ചമെന്നതിൽ വിദഗ്ദ്ധർക്കു ഏകാഭിപ്രായമാണ് ഉള്ളതെന്ന് സുപ്രീംകോടതി അംഗീകരിക്കുന്നു. എന്നാൽ ഇതുമാത്രം നയമാക്കുന്നത് ഭരണഘടനാ വിരുദ്ധമാണെന്ന് പരമോന്നത കോടതി തീരുമാനിച്ചിരിക്കുന്നു. പ്രകടമായും അക്കാദമിക് വിരുദ്ധമാണ് ഈ തീരുമാനം.

ബോധന ഭാഷ തെരഞ്ഞെടുക്കാനുള്ള അവകാശം കുട്ടികൾക്കാണെന്ന് സുപ്രീം കോടതി തീരുമാനിച്ചിരിക്കുന്നു. അഭിപ്രായ, ആവിഷ്ക്കാര സ്വാതന്ത്ര്യങ്ങൾ നൽകുന്ന ഭരണഘടനയുടെ 19(1) അനുഭേദമാണ് ഈ തീരുമനത്തിന്റെ പിന്നിലെന്ന് വ്യക്തമാക്കുന്നു. ആറുവയസ്സുള്ള കുട്ടിയോട് ബോധന ഭാഷയായി ഏതുഭാഷ വേണമെന്ന് ചോദിക്കുന്നത് ഏതുഭാഷയിലായിരിക്കണമെന്ന് വ്യക്തമല്ല.

ഇംഗ്ലീഷ് മീഡിയം സ്കൂളുകളുടെ വ്യാപനത്തിനും വർദ്ധനവിനും അതുമൂലമുള്ള വാണിജ്യവൽക്കരണത്തിനുമാണ് ഈ വിധിന്യായം വഴിതെളിയിക്കുക.

വിദ്യാഭ്യാസത്തെപറ്റിയുള്ള സുപ്രധാനമായ രണ്ടുവിഷയങ്ങളിൽ ആവശ്യമായിരുന്ന അവധാനതയും പരിചിന്തനവും പരമോന്നത കോടതിക്കുണ്ടായിരുന്നുവോയെന്ന സംശയം ഉന്നയിക്കേണ്ടിയിരിക്കുന്നു.

ഈ വിധിന്യായങ്ങൾ ഏറ്റവും ദോഷഫലങ്ങളുണ്ടാക്കുന്നത് കേരളത്തിലാണ്. അതുകൊണ്ടുതന്നെ ഇക്കാര്യത്തിൽ മുൻകൈയ്യെടുത്ത് കേന്ദ്രസർക്കാരുമായികൂടിയാലോചിക്കേണ്ടത് സംസ്ഥാന സർക്കാരാണ്. കേന്ദ്ര-സംസ്ഥാന ഗവൺമെന്റുകൾ അടിയന്തിര നടപടികൾ സ്വീകരിക്കണമെന്ന് കേരള വിദ്യാഭ്യാസ സമിതി ആവശ്യപ്പെടുന്നു. റിവ്യൂ ഹർജി, കേന്ദ്രനിയമനിർമ്മാണം തുടങ്ങിയ നടപടികളാണ് വേണ്ടത്.

**പ്രൊഫ. നൈനാൻ കോശി**
ചെയർമാൻ

**എ.കെ.ഉണ്ണികൃഷ്ണൻ**
**എൻ ശ്രീകുമാർ**
കൺവീനർമാർ